അന്നശ്ശേരിപ്പുഴ പാലത്തിന്റെ പണി

105 [116] ശ്രീ. എ.സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ അണ്ടിക്കോട് എടക്കരപട്ടർ പാലം റോഡിൽ അന്നശ്ശേരിപ്പുഴയിൽ പണിയുന്ന പാലത്തിന്റെ പണി എന്ന് പൂർത്തിയാകും;

(ബി) ഇതിന്റെ അപ്രോച്ച് റോഡിന്റെ പണി എന്ന് പൂർത്തിയാകുമെന്നും പാലം എന്ന് വാഹനഗതാഗതത്തിന് തുറന്നുകൊടുക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) പാലത്തിന്റെ പണി പൂർത്തിയായിട്ടുണ്ട്. അപ്രോച്ച് റോഡിന്റെ പണി രണ്ടാഴ്ചക്കകം പൂർത്തിയാകുമെന്നും, അടുത്ത മാസം അവസാനത്തോടുകൂടി പാലം വാഹന ഗതാഗതത്തിന് തുറന്നുകൊടുക്കാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു.

പനത്തുറ പാലം

106 [117] ശ്രീ. എൻ. ശക്തൻനാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ലം പഞ്ചായത്തിലെ പനത്തുറയിൽ, ഒരു പാലം നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ പണി എപ്പോൾ ആരംഭിക്കുമെന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) പാലം നിർമ്മിക്കേണ്ട സ്ഥലത്തിന്റെ ഇരുവശങ്ങളിലുമുള്ള റോഡുകൾ പൊതുമരാമത്ത് വകയല്ലാത്തതിനാൽ, പൊതു മരാമത്ത് വകുപ്പ് ഇവിടെ പാലം പണിയുന്നതിന് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. എന്നാൽ ഒരു നടപ്പാലത്തിന്റെ പണി ആർ. എൽ. ഇ. ജി. പി. യിൽ ഉൾപ്പെടുത്തി ചെയ്യുന്ന കാര്യം പരിഗണിക്കുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

കോട്ടയം–കറുകച്ചാൽ റോഡിലെ പാലം പണി

107 [118] ശ്രീ. ഉമ്മൻചാണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം–കറുകച്ചാൽ റോഡിലുള്ള കുന്നുകുഴിപ്പാലം, ചെമ്പിത്താനം പാലം, ഇരുന്നേൽ പാലം എന്നീ മൂന്ന് പാലങ്ങൾ പുതുക്കിപ്പണിയുന്നതിനുള്ള നടപടികൾ എന്തായി എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാലങ്ങൾ എത്രയും വേഗം പുതുക്കിപ്പണിയുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly